അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

വെൺപാലവട്ടം ക്ഷേത്രത്തിൽ മഹാദീപപ്രദക്ഷിണ പൂജ

തിരുവനന്തപുരം: വെൺപാലവട്ടം ക്ഷേത്രത്തിലെ മഹാദീപ പ്രദക്ഷിണ പൂജ ഇന്ന് രാവിലെ 9ന് ശ്രീദുർഗാഭഗവതി ക്ഷേത്രസന്നിധിയിൽ ക്ഷേത്ര മേൽശാന്തിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. 10ന് ദീപ പ്രദക്ഷിണവും തുടർന്ന് കഷായ കലശാഭിഷേകവും ഉണ്ടായിരിക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജു രമേശ് അഭ്യർത്ഥിച്ചു.

ആറ്റുകാലമ്മ സാംസ്കാരികവേദി ഡയാന ജാനറ്റിനെ ആദരിക്കുന്നു

തിരുവനന്തപുരം: 24-ാം തവണയും കാലിഫോർണിയയിൽ നിന്ന് പൊങ്കാല ഇടാനെത്തുന്ന ഡയാന ജാനറ്റിനെ ആറ്റുകാലമ്മ സാംസ്കാരിക വേദി ആദരിക്കുന്നു. നാളെ വൈകിട്ട് 5.30ന് പ്രസ് ക്ലബിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഡയാനയെ ആദരിക്കും. ധാരയുടെ 'ആറ്റുകാൽ പൊങ്കാല 2019' സ്പെഷ്യൽ പതിപ്പിന്റെ പ്രകാശനവും മന്ത്രി നിർവഹിക്കും. സാംസ്കാരിക വേദി പ്രസിഡന്റ് എസ്. വിജയകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സെക്രട്ടറി എ. രാജേന്ദ്രപ്രസാദ് സ്വാഗതം പറയും. നഗരസഭാ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പാളയം രാജൻ, ലാ അക്കാഡമി പ്രിൻസിപ്പൽ അഡ്വ. വി.എൽ. മണി, കാംകോ എം.ഡി കെ.പി. ശശികുമാർ, സഹകരണസംഘം അസി. രജിസ്ട്രാർ എ. ഷെരീഫ്, തിരു. സർവീസ് സഹ. ബാങ്ക് പ്രസിഡന്റ് സി. ഉണ്ണിക്കൃഷ്ണൻനായർ, വി. സുബ്രഹ്മണ്യ അയ്യർ, ശ്രീകണ്ഠ കൃഷ്ണശർമ, വട്ടവിള വേണുഗോപാലൻ നായർ, എസ്. ജയേന്ദ്രൻനായർ, കുന്നുകുഴി മണി എന്നിവർ സംസാരിക്കും.

ആറ്റുകാൽ പൊങ്കാല: പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ കൗണ്ടർ

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാല പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതിന്റെ ഭാഗമായി നഗരസഭ പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെ കൗണ്ടർ തുറക്കുന്നു. ആയുർവേദ കോളേജ് ജംഗ്ഷനിലെ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിന് മുന്നിൽ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ കൗണ്ടർ പ്രവർത്തിക്കും. പ്രകൃതി സൗഹൃദ പാത്രങ്ങൾ, ഗ്ലാസുകൾ, തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിവ ഈ കൗണ്ടറിലൂടെ ലഭിക്കും.

കെട്ടിട നികുതി സ്വീകരിക്കും

തിരുവനന്തപുരം: തിരുമല തൃക്കണ്ണാപുരം വാർഡിലെ കെട്ടിട നികുതി ഇന്ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12 വരെ ഓടൻകുഴി നഗർ റസിഡന്റ്സ് അസോസിയേഷൻ ഓഫീസിൽ സ്വീകരിക്കും.

തൈക്കാട് ഗണേശത്തിൽ നൃത്താർച്ചന

തിരുവനന്തപുരം: തൈക്കാട് ഗണേശത്തിൽ ഇന്ന് വൈകിട്ട് 6.30ന് നൃത്താർച്ചനയുടെ ഭാഗമായി നിജ ലതിന്റെ കുച്ചിപ്പുടി അരങ്ങേറും. പ്രശസ്ത കുച്ചിപ്പുടി നർത്തകിയും നൃത്തസംവിധായികയുമായ പത്മവാണി മൊസിലാകാന്തി മുഖ്യാതിഥിയായിരിക്കും.

ചെമ്പഴന്തി സൗത്ത് ശാഖ

തിരുവനന്തപുരം: ചെമ്പഴന്തി സൗത്ത് എസ്.എൻ.ഡി.പി ശാഖയുടെ വനിതാസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാസംതോറും നടത്തിവരുന്ന കുടുംബ ഐശ്വര്യ പ്രാർത്ഥനായോഗം ഇന്ന് വൈകിട്ട് 3.30ന് സുധയുടെ വസതിയായ പുതുവൽ പുത്തൻവീട് ഉദയഗിരിയിൽ നടക്കും.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പുത്തൻ ചന്ത വൈദ്യുതി സെക്ഷനിലെ ധർമ്മാലയം റോഡ്, ഗാന്ധാരി അമ്മൻ കോവിൽ, മാഞ്ഞാലിക്കുളം റോഡ്, ധർമ്മാലയം അരിസ്റ്റോ ഭാഗത്തുള്ള മനോരമ, മംഗളം കൈരളി തിയേറ്റർ, ടി.കെ. പാലസ് ഹോട്ടൽ, ആര്യനിവാസ് ഹോട്ടൽ, ഹൊറൈസൺ ഹോട്ടൽ കഴക്കൂട്ടം സെക്ഷനിലെ മേനംകുളം മേൽപ്പാലം, നാലുമുക്ക്, പുല്ലാട്ടുകേരി അമ്പലത്തിന്റെ ഭാഗം എന്നീ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇന്നും കണിയാപുരം സെക്ഷനിലെ പെരുമാതുറ സിറ്റി, മസ്ജിദ്, വടക്കേപെരുമാതുറ 1, വടക്കെപെരുമാതുറ 2 (പൊഴി) എന്നീ ട്രാൻസ്ഫോർമറിന്റെ പരിധിയിലെ സ്ഥലങ്ങൾ, പൂജപ്പുര സെക്ഷനിലെ പൂജപ്പുര, കേശവൻ നായർ റോഡ്, കുളത്തൂർ സെക്ഷനിലെ കിഴക്കുംകര, മൺവിള മുരുകൻകോവിൽ എന്നിവിടങ്ങളിൽ നാളെയും രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

രക്തദാന ക്യാമ്പ്

തിരുവനന്തപുരം: ജോയിന്റ് കൗൺസിൽ പബ്ലിക് ഓഫീസ് മേഖല സുവർണ ജൂബിലി സമ്മേളനത്തോടനുബന്ധിച്ച് നാളെ രാവിലെ 10 മുതൽ 12 വരെ പബ്ലിക് ഓഫീസ് കോംപ്ലക്സിൽ രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ ഉദ്ഘാടനം ചെയ്യും.

പൂജപ്പുര നാഗരുകാവ് ക്ഷേത്രം

തിരുവനന്തപുരം: പൂജപ്പുര നാഗരുകാവിലെ ആയില്യപൂജ 19ന് നടക്കും. രാവിലെ 6 മുതൽ 10 വരെ ആയില്യ അഭിഷേകം, 11ന് ആയില്യപൂജ, വൈകിട്ട് 6.45ന് അലങ്കാരപൂജ, ദീപാരാധന എന്നിവയോടെ സമാപിക്കും. ആയില്യദിവസം നെയ്‌വിളക്ക്, നവഗ്രഹവിളക്ക്, മറ്റ് അർച്ചനകൾ എന്നിവ നടത്താം. ഫോൺ: 2346766

നെയ്യനമൂല ദുർഗാദേവീക്ഷേത്രം

പോത്തൻകോട്: കാട്ടായിക്കോണം നെയ്യനമൂല ദുർഗാദേവീ ക്ഷേത്രത്തിലെ ഉത്സവം 19ന് സമാപിക്കും. അഞ്ചാം ഉത്സവ ദിനമായ ഇന്ന് പതിവ് പൂജകൾക്ക് പുറമെ രാവിലെ 8നും വൈകിട്ട് 7നും കൊന്നുതോറ്റപാട്ട്. 18ന് വൈകിട്ട് 6.30ന് ഡാൻസ്. 19ന് രാവിലെ 9ന് സമൂഹപൊങ്കാല. ഉച്ചക്ക് 2.30ന് ആനപ്പുറത്ത് എഴുന്നള്ളത്ത്. വെളുപ്പിന് 4ന് ആകാശദീപക്കാഴ്ച.

കാര്യവട്ടം ധർമ്മ ശാസ്താക്ഷേത്രം

ശ്രീകാര്യം: കാര്യവട്ടം ശ്രീധർമ്മ ശാസ്താക്ഷേത്രോത്സവം 21ന് സമാപിക്കും. ഇന്ന് പതിവ് ക്ഷേത്ര ചടങ്ങുകൾക്ക് പുറമെ രാവിലെ 9.30ന് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്. 12.30ന് അന്നദാനസദ്യ. വൈകിട്ട് 6.30ന് യോഗ നിത്യ ജീവിതത്തിൽ പ്രഭാഷണം. രാത്രി 7.30ന് നൃത്തം. 18ന് വൈകുന്നേരം 6ന് മോഹിനിയാട്ടം. രാത്രി 8.30ന് ഗാനമേള. 19ന് രാവിലെ 9.15ന് ആയില്യ പൂജയും നാഗരൂട്ടും. 6ന് ഭക്തിഗാനമേള. രാത്രി 9.30ന് നൃത്തനാടകം. 20ന് വൈകിട്ട് 6.30ന് ആദ്ധ്യാത്മിക സമ്മേളനവും ശാസ്താ പുരസ്കാര സമർപ്പണവും. രാത്രി 8.30ന് നാമജപഘോഷയാത്ര. 21ന് രാവിലെ 5.30ന് ഉരുൾ.രാവിലെ 7.15ന് ദേശപ്രദക്ഷിണ യാത്ര. ഉച്ചക്ക് 12.30ന് ഉത്രം സദ്യ. വൈകിട്ട് 4ന് ആനപ്പുറത്തെഴുന്നള്ളത്ത്. 6.30ന് താലപ്പൊലി ഘോഷയാത്ര. രാത്രി 8ന് ഓട്ടൻതുള്ളൽ. 11ന് ആകാശ പൂത്തിരിമേളം.

പുസ്തകപ്രകാശനം

തിരുവനന്തപുരം: കെ.എ. വേണുഗോപാലന്റെ 'നവലിബറലിസം' എന്ന പുസ്തകത്തിന്റെ പ്രകാശനം എസ്. രാമചന്ദ്രൻപിള്ള നിർവഹിച്ചു. ഡോ.ജെ. പ്രഭാഷ് ആദ്യപ്രതി ഏറ്റുവാങ്ങി. പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ.വി. കാർത്തികേയൻ നായർ അദ്ധ്യക്ഷനായി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ റിസർച്ച് ഓഫീസർ സി. അശോകൻ പുസ്തകം പരിചയപ്പെടുത്തി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ഷിബു ശ്രീധർ, റിസർച്ച് ഓഫീസർ റാഫി പൂക്കോം എന്നിവർ സംസാരിച്ചു.

നിലമക്കരി കർഷകർ ദുരിതത്തിൽ: കൃഷി വകുപ്പിന്റെ അവഗണനയ്ക്ക് പിന്നാലെ കിളികളുടെ ആക്രമണം

പ്രതിസന്ധി തീരാതെ നെൽകർഷകർ

▶ അനിൽമാത്തൂർ

നേമം: കൃഷി വകുപ്പിന്റെ അവഗണനയ്ക്ക് പിന്നാലെ നീല ക്കോഴിയുടെയും കാടത്താറാവിന്റെയും ആക്രമണം വെള്ളായണി നിലമക്കരി പാടശേഖരത്തെ കർഷകരെ ദുരിതത്തിലാക്കുന്നു. കൃഷി വകുപ്പിന്റെ സഹായമില്ലാതെ തന്നെ കൃഷിയുമായി മുന്നോട്ടുപോകാൻ തയ്യാറായ കർഷകർക്കാണീ ദുരിതം.

20 വർഷമായി കൃഷിയിറക്കാതിരുന്ന നിലമക്കരി പാടശേഖരത്ത് കഴിഞ്ഞ വർഷം 20 ഹെക്ടർ നെൽക്കൃഷി നടത്തി കർഷകർ വിജയിച്ചിരുന്നു. ഹെക്ടറിന് 30,000 രൂപ എന്ന കണക്കിന് കൃഷി വകുപ്പിൽ നിന്നും അന്ന് സഹായം ലഭിച്ചെങ്കിലും ഇത്തവണ യാതൊരു സഹായവും ലഭിച്ചില്ല.

നിലമക്കരി പാടശേഖരത്തിൽ നിലം ഉഴുന്നതിനിടയിൽ ട്രാക്ടർ ചെളിയിൽ താഴ്ന്ന നിലയിൽ

കർഷകരുടെ പ്രശ്നങ്ങൾ

ഇത്തവണ 30 ഹെക്ടറിലാണ് കൃഷിയിറക്കിയത്. നിലം ഉഴുന്നതിനിടയിൽ ട്രാക്ടർ ചെളിയിൽ താഴ്ന്നതായിരുന്നു കർഷകർ നേരിട്ട ആദ്യ പ്രതിസന്ധി. വെള്ളായണി കാർഷിക കോളേജിൽ നിന്നും അനുവദിച്ച 2 ട്രാക്ടറിൽ ഒരെണ്ണം കരയ്ക്കെത്തിക്കാൻ ഇനിയും സാധിച്ചിട്ടില്ല.

കൃഷിയില്ലാതിരുന്നകാലത്ത് വ്യാപകമായി മണ്ണെടുപ്പ് നടന്നതു കാരണം പാടത്ത് പല സ്ഥലങ്ങളിലും കുഴികൾ രൂപം കൊണ്ടു.

ഇത് കൃത്യമായി മനസിലാക്കുവാൻ ഡ്രൈവർക്ക് സാധിക്കാത്തതിനെ തുടർന്നാണ് ട്രാക്ടർ കുഴിയിൽ താഴ്ന്നത്.ട്രാക്ടർപ്രശ്നംപരിഹരിച്ച് വിത്ത് മുളച്ചു തുടങ്ങിയതോടെയാണ് കാടത്താറാവിന്റെയും നീലക്കോഴിയുടെയും ആക്രമണം ആരംഭിച്ചത്. ഇത് മറ്റു പക്ഷികളുടെ ആക്രമണത്തെപ്പോലെയല്ലത്രെ. വെടി പൊട്ടിച്ചാലൊ കല്ലെറിഞ്ഞാലോ ഇവ പോവുകയില്ല, കാടത്താറാവുകൾ പൊന്തക്കാടുകളിൽ നിന്നും രാത്രിയാണ് കൃഷിയിടങ്ങളിൽ ഇറങ്ങി നെല്ല് കൊത്തി കൊണ്ടു പോവുന്നതെന്ന് നിലമക്കരി കർഷകൻ മോഹൻ പറഞ്ഞു.

> 10 ദിവസം മുൻപ് ആർ.ഡി.ഒ സ്ഥലം സന്ദർശിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കിയെങ്കിലും നടപടികളൊന്നുമായിട്ടില്ല
> ബിജു, പാടശേഖര കമ്മിറ്റി സെക്രട്ടറി

മാലിന്യവും പ്രശ്നമാകുന്നു

വെള്ളായണി പ്രദേശം സന്ദർശിക്കുന്നവർ വലിച്ചെറിയുന്ന കുപ്പികളാണ് കർഷകരെ കുഴയ്ക്കുന്ന മറ്റൊരു പ്രശ്നം.

KAUMUDI ALERT

തൂമ്പുകൾ അടയുന്നു

ഓരോ പാടശേഖരത്തിൽനിന്നും കനാലിലേയ്ക്ക് തൂമ്പുകൾ വെട്ടിയിട്ടുള്ളത് കനാലിലെ വെള്ളം പാടത്തേയ്ക്ക് എത്തുവാൻ സഹായിക്കും. എന്നാൽ നിർമ്മാണത്തിലിരിക്കുന്ന പുഞ്ചക്കരി ശിവോദയം റോഡ് പണിയിൽ തൂമ്പുകൾ അടച്ച് അശാസ്ത്രീയമായി നിർമ്മാണ പ്രവർത്തനം നടക്കുന്നതായി കർഷകർ പരാതിപ്പെട്ടു.

മണക്കാട് ശാസ്താവ് ആറ്റുകാൽ ദേവീ ക്ഷേത്രത്തിലേക്ക് ആനപ്പുറത്ത് എഴുന്നള്ളിയപ്പോൾ

പേരാപ്പൂര് ദേവീക്ഷേത്രത്തിലെ മകം ഉത്സവം 19 മുതൽ

തിരുവനന്തപുരം: കുടപ്പനക്കുന്ന് മുക്കോല പേരാപ്പൂര് ദേവീക്ഷേത്രത്തിലെ മകം ഉത്സവം 9 മുതൽ 28 വരെ നടക്കും. 19ന് രാവിലെ 7ന് നാഗരൂട്ടും ആയില്യപൂജയും, ഉച്ചയ്ക്ക് 12.40ന് ദേവിയുടെ തിരുവാഭരണ ഘോഷയാത്ര, വൈകിട്ട് 3ന് മകം ദർശനം.

20ന് രാവിലെ 7.30ന് തോറ്റം പാട്ട്, വൈകിട്ട് 7ന് ഭജന. 21ന് വൈകിട്ട് 7ന് ഭജന. 22ന് വൈകിട്ട് 7ന് മാലപ്പുറം പാട്ട്, 8ന് ഗാനമേള. 23ന് വൈകിട്ട് 7ന് കലാപരിപാടികൾ.

24ന് വൈകിട്ട് 7ന് ഭജന. 25ന് രാവിലെ 7.45ന് തോറ്റംപാട്ട്. 26ന് വൈകിട്ട് 7ന് ഗാനമേള. 27ന് രാവിലെ 10ന് പൊങ്കാല, വൈകിട്ട് 7.15ന് ഉരുൾ, തേരുവിളക്ക്, 7.15ന് ഡാൻസ്. 28ന് രാവിലെ 7.40ന് ദേവിയുടെ ആനപ്പുറത്തെഴുന്നെള്ളത്ത്, വൈകിട്ട് 8ന് കുത്തിയോട്ടം, താലപ്പൊലി, രാത്രി 12ന് മംഗളഗുരുസി.

വി.എഫ്.പി.സി.കെ ദ്വിദിന ശില്പശാല സമാപിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും സുരക്ഷിത പച്ചക്കറികളും പഴവർഗങ്ങളും ഉത്പാദിപ്പിക്കുവാൻ താത്പര്യമുള്ള കർഷകരെ തിരഞ്ഞെടുത്ത് കയറ്റുമതി വിപണനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ) പാളയം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് കേരളയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയുടെ സമാപന ദിനത്തിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം.

കേന്ദ്ര കൃഷി ഗവേഷണ സ്ഥാപനങ്ങളിലെയും കേരള കാർഷിക സർവകലാശാലയിലെയും വിദഗ്ദ്ധർ ചർച്ചയ്ക്ക് നേതൃത്വം നൽകി. വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരുടെ പ്രബന്ധാവതരണവും ഓർഗാനിക് സർട്ടിഫിക്കേഷൻ, ഇൻഡ്ഗ്യാപ്പ് സർട്ടിഫിക്കേഷൻ എന്നിവ സംബന്ധിച്ചുള്ള പരിശീലനങ്ങളും ശില്പശാലയുടെ ഭാഗമായി നടന്നു. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ദേവേന്ദ്രകുമാർ സിംഗ്, കൃഷിവകുപ്പ് സെക്രട്ടറി രത്തൻ യു. ഖേൽക്കർ, ക്വാളിറ്റി കൗൺസിൽ ഒഫ് ഇന്ത്യ ജോയിന്റ് ഡയറക്ടർ മനീഷ് പാണ്ഡെ വി.എഫ്.സി.കെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സജിജോൺ, ഡയറക്ടർമാരായ അജു ജോൺ മത്തായി, അബ്ദുള്ള ഹാഷിം, ട്രെയിനിംഗ് മാനേജർ ശാന്തി അന്ന കുര്യൻ, ജയന്ത് രാമൻ, ജി.സുജ, സി.ഭാസ്കരൻ, ജി.കെ. ബേല, ബെറിൻ പത്രോസ് തുടങ്ങിയവർ പങ്കെടുത്തു.

തപസ്വികളാകാൻ ഏവർക്കും അവകാശമുണ്ട്: ആചാര്യശ്രീ എം.ആർ. രാജേഷ്

തിരുവനന്തപുരം: ജാതിലിംഗ വ്യത്യാസമില്ലാതെ എല്ലാവരും വേദം പഠിച്ച് വൈദികമായ അറിവ് കുടുംബജീവിതത്തിൽ പകർത്തുന്നതിലൂടെ എല്ലാവർക്കും തപസ്വികളാകാമെന്ന് വേദപണ്ഡിതനും കാശ്യപാശ്രമം കുലപതിയുമായ ആചാര്യശ്രീ എം.ആർ. രാജേഷ് പറഞ്ഞു.

'വേദം സാമൂഹ്യനവോത്ഥാനത്തിന്' എന്ന സന്ദേശവുമായി കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് നടന്ന 1008 അഗ്നിഹോത്രികളുടെ സമൂഹ അഗ്നിഹോത്രയജ്ഞത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആദ്ധ്യാത്മികത എന്നാൽ ഭൗതികതയെ നിഷേധിക്കലല്ല.

ഭൗതികമായ ഉന്നമനം ഉണ്ടായാൽമാത്രമേസമൂഹത്തിന് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതോടൊപ്പം ആദ്ധ്യാത്മികമായി വളരണമെന്നും രാജേഷ് പറഞ്ഞു. കാശ്മീരിൽ വീരമൃത്യു വരിച്ച ജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ചാണ് ചടങ്ങ് ആരംഭിച്ചത്. തുടർന്ന് 1008 കുണ്ഡങ്ങളിലായി 1008പേർ ഒരുമിച്ച് അഗ്നിഹോത്രം ചെയ്തു. അഗ്നിഹോത്രത്തിന് ശേഷം നടന്ന സാംസ്കാരിക സദസിൽ ആചാര്യശ്രീ രാജേഷ് രചിച്ച 'ഹിന്ദുധർമപഠനം വേദങ്ങളിലൂടെ' എന്ന പുസ്തകത്തിന്റെ പ്രകാശനം എസ്.രാജശേഖരൻ നായർക്ക് നൽകി ഗൗരിലക്ഷ്മിബായി നിർവഹിച്ചു. സുവനീർ മുൻ കേരള ചീഫ് സെക്രട്ടറി. സി.പി. നായർ ഹാബിറ്റാറ്റ് ചീഫ് ആർക്കിടെക്ട് ജി. ശങ്കറിന് നൽകി പ്രകാശനം ചെയ്തു.

കെ.അയ്യപ്പൻപിള്ള, ഡി. ചന്ദ്രസേനൻ നായർ, പി. ജ്യോതീന്ദ്രകുമാർ, എ. കസ്തൂരി എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഡോ.ആർ. അയ്യപ്പൻനായർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മനു കമൽ സ്വാഗതവും ഹേമലത .കെ.എസ്. നന്ദിയും പറഞ്ഞു.

പുത്തരിക്കണ്ടം മൈതാനത്ത് കശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച 1008 പേരുടെ അഗ്നിഹോത്രം

സി.പി.ഐ പേട്ട ലോക്കൽ കമ്മിറ്റി സെക്രട്ടറിയായി തിരഞ്ഞെടുത്ത എ. അജൻ, അസിസ്റ്റന്റ് സെക്രട്ടറിയായി തിരഞ്ഞെടുത്ത പേട്ട വിജയൻ എന്നിവർ

സി.പി.ഐ പേട്ട ലോക്കൽ കമ്മിറ്റി

തിരുവനന്തപുരം: സി.പി.ഐ പേട്ട ലോക്കൽ കമ്മിറ്റി സെക്രട്ടറിയായി എ. അജനെയും അസിസ്റ്റന്റ് സെക്രട്ടറിയായി പേട്ട വിജയനെയും കമ്മിറ്റി തിരഞ്ഞെടുത്തു. യോഗത്തിൽ സി.പി.ഐ മണ്ഡലം സെക്രട്ടറി മുരളി പ്രതാപ്, ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ രാധാകൃഷ്ണൻ നായർ, അഡ്വ. കുര്യാത്തി മോഹൻ, ശിവകുമാർ, വിജയകുമാർ എന്നിവർ പങ്കെടുത്തു.

വഞ്ചിയൂർ സഹോദര സമാജം ഭാരവാഹികൾ

തിരുവനന്തപുരം: വഞ്ചിയൂർ സഹോദര സമാജത്തിന്റെ ഭാരവാഹികളായി പി. സുന്ദരേശൻ (പ്രസിഡന്റ്), ജി. ഗിരീശൻ നായർ (വൈസ്പ്രസിഡന്റ്), ഡോ.പി. ഹരിദാസ് (സെക്രട്ടറി), പി. പത്മകുമാർ (ജോയിന്റ് സെക്രട്ടറി), എം. സതീഷ് കുമാർ (ട്രഷറർ), ജി. അയ്യപ്പൻപിള്ള, ആർ. ഗോപകുമാർ, ആർ. ബാബു ഗണേഷ്, ഡോ.എസ്. ഉണ്ണികൃഷ്ണൻ നായർ (ഭരണസമിതി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

ആറ്റുകാൽ ദേവീ ക്ഷേത്രത്തിൽ ദീപാരാധന തൊഴുന്ന കുരുന്ന്
ഫോട്ടോ: അജയ് മധു

ജലവിതരണം തടസപ്പെടും

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ജലവിതരണം സുഗമമാക്കുന്നതിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി വെള്ളയമ്പലം ഒബ്സർവേറ്ററി ടാങ്കിൽ നിന്നുള്ള ജലവിതരണം ക്രമീകരിക്കുന്നതിനാൽ ഇന്ന് രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെ വെള്ളയമ്പലം, ജവഹർനഗർ, നന്തൻകോട്, ദേവസ്വം ബോർഡ്, ശാസ്തമംഗലം, വഴുതക്കാട്, തൈക്കാട്, പാളയം, വലിയശാല, തമ്പാനൂർ, സ്റ്റാച്യു, ആയുർവേദ കോളേജ്, പട്ടം, പ്ലാമൂട്, മുറിഞ്ഞപാലം, കുമാരപുരം, വഞ്ചിയൂർ, പേട്ട, ചാക്ക പാറ്റൂർ, ശംഖുംമുഖം, വേളി, പൗണ്ട്കടവ്, ഒരുവാതിൽകോട്ട, ആനയറ എന്നിവിടങ്ങളിൽ ജലവിതരണം ഭാഗികമായി തടസപ്പെടുമെന്ന് വാട്ടർ അതോറിട്ടി അറിയിച്ചു.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കണം: മന്ത്രി കെ.കെ. ശൈലജ

തിരുവനന്തപുരം: ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്നും കാൻസർ ചികിത്സ താഴേത്തട്ടിലേക്ക് വികേന്ദ്രീകരിക്കണമെന്നും മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. ജനറൽ ആശുപത്രിയിൽ നിർമാണം പൂർത്തിയായ സ്ട്രോക്ക്, ന്യൂറോ ഐ.സി.യു, ഡേകെയർ കീമോ തെറാപ്പി കാൻസർ വാർഡ് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഇതിനായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ മിനി കാൻസർ സെന്ററുകൾ ആരംഭിക്കും. കാൻസർരോഗികളുടെഎണ്ണം കൂട്ടുന്നതിനനുസരിച്ച് കാൻസർ സെന്ററുകളിൽ അനുഭവപ്പെടുന്നവൻതിരക്ക്ഒഴിവാക്കാനാണ് താഴെ തട്ടിലുള്ള ആശുപത്രികളിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നത്. അതിന്റെ ആദ്യപടിയാണ് ജനറൽ ആശുപത്രിയിൽ ആരംഭിച്ച കാൻസർവാർഡ്. കൂടുതൽ വികസനത്തിനായി ജനറൽ ആശുപത്രി മാസ്റ്റർപ്ലാൻ തയ്യാറാക്കി നൽകിയാൽ സർക്കാർ പരിഗണിക്കുമെന്നും ആശുപത്രിയിലേക്ക് അഞ്ച് സ്റ്റാഫ് നഴ്സുമാരെയും ഒരു ഫിസിയോതെറാപ്പിസ്റ്റിനെയുംഏപ്രിൽ മുതൽ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു.

നവീകരിച്ച എട്ടാം വാർഡിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ആർ.സി.സി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്ന് കീമോതെറാപ്പി കഴിഞ്ഞ് തുടർചികിത്സയ്ക്കായി ജനറൽ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് കാൻസർ കെയർകീമോതെറാപ്പിവാർഡിൽ നിന്നു സേവനം ലഭ്യമാകും. കാൻസർഅനുബന്ധശസ്ത്രക്രിയ, റേഡിയേഷൻ എന്നിവ കഴിഞ്ഞ രോഗികൾക്കുള്ള ചികിത്സ, മെഡിക്കൽ ക്യാമ്പുകൾ, കാൻസർ നിർണയം, മാമോഗ്രാം, എഫ്.എൻ.എ.സി എന്നീസേവനങ്ങളുംലഭിക്കും. പക്ഷാഘാതം ബാധിച്ച രോഗികൾക്ക് അടിയന്തര സേവനം എന്ന നിലയിലാണ് സ്ട്രോക്ക് – ന്യൂറോ ഐ.സി.യു ഒരുക്കിയിട്ടുള്ളത്. 8 കിടക്കകളാണ് ഇവിടെയുള്ളത്.

കെ. മുരളീധരൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ജില്ലാമെഡിക്കൽ ഓഫീസർ ഡോ.പി.പി. പ്രീത, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.ആർ.എൽ. സരിത, ആരോഗ്യ അഡിഷണൽ ഡയറക്ടർ ഡോ.വി. മീനാക്ഷി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.വി.പി. അരുൺ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.എൽ.ടി സരിതാകുമാരി, കൗൺസിലർ ആർ.സതീഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

ജനറൽ ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായ സ്ട്രോക്ക്, ന്യൂറോ ഐ.സി.യു, ഡേകെയർ കീമോതെറാപ്പി കാൻസർ വാർഡ് എന്നിവയുടെ ഉദ്ഘാടനത്തിനെത്തിയ മന്ത്രി കെ.കെ. ശൈലജ പുതിയ വാർഡിന്റെ സജ്ജീകരണങ്ങൾ നിരീക്ഷിക്കുന്നു. കെ. മുരളീധരൻ എം.എൽ.എ സമീപം

കെ.സി.വൈ.എം സമാധാന ദീപം തെളിച്ചു

തിരുവനന്തപുരം: കാശ്മീരിൽ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് കേരള കാത്തലിക് യൂത്ത് മൂവ്മെന്റി (കെ.സി.വൈ.എം)ന്റെ ആഭിമുഖ്യത്തിൽ പാളയം രക്തസാക്ഷിമണ്ഡപത്തിന് മുന്നിൽ സമാധാനദീപം തെളിച്ചു.

പാറശാല രൂപതാ ബിഷപ്പ് തോമസ് മാർ യൗസേബിയോസ്, ചങ്ങനാശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ, പാളയം ഫെറോനാ വികാരി ഡോ. നിക്കോളാസ്.ടി, പാളയം ഇമാം വി.പി. സുഹൈബ് മൗലവി തുടങ്ങിയവർ പങ്കെടുത്തു.

ഭീകരതയ്ക്ക് പിന്നിലുള്ളവർ വിശ്വാസികളല്ലെന്നും യഥാർത്ഥ വിശ്വാസമെന്നാൽ രാജ്യസ്നേഹമാണെന്നും സുഹൈബ് മൗലവി പറഞ്ഞു. വിദ്വേഷം കൊണ്ട് കലുഷിതമായ സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നതെന്നും സഹിഷ്ണുതയും സഹവർത്തിത്വവുമാണ് പുലരേണ്ടതെന്നും യൗസേബിയോസ് പറഞ്ഞു. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴിക്കാടൻ സ്വാഗതവും ജനറൽ സെക്രട്ടറി ബിജോ പി. ബാബു നന്ദിയും പറഞ്ഞു.